(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇന്റലിജൻസ് വിഭാഗവും ഇൻവെസ്റ്റിഗേഷൻ വിഭാഗവും ശക്തിപ്പെടുത്തി സ്വർണ്ണവ്യാപാരത്തിന് സമാന്തര വിപണി നടത്തുന്ന വ്യാപാരികളെ കണ്ടുപിടിക്കുകയും വേണ്ട നടപടികൾ എടുക്കുകയും ചെയ്യുന്നു. പാർസൽ ആഫീസുകൾ, ബാങ്കുകൾ തുടങ്ങിയ സ്ഥാപനങ്ങളുടെ റിക്കാർഡുകൾ പരിശോധിച്ച് നികുതി ചോർച്ച തടയുന്നതിനാവശ്യമായ വിവരം ശേഖരിക്കുന്നുണ്ട്. കോമ്പൗണ്ടിംഗ് സമ്പ്രദായത്തിൽ ഉൾപ്പെടാത്തവരുടെ പ്രൊവിഷണൽ അസസ്മെന്റും കണക്കു പുസ്തകങ്ങളുടെ സൂക്ഷ്മപരിശോധനയും നടത്തി നികുതി വെട്ടിപ്പ് നടത്തുന്നില്ലായെന്നും ഉറപ്പുവരുത്തുന്നു. നികുതി വെട്ടിപ്പ് സംബന്ധിച്ച് വിശ്വസനീയമായ വിവരം ലഭിച്ചു കഴിഞ്ഞാൽ വിൽപ്പന നികുതി ചട്ടത്തിലെ റൂൾ 26 പ്രകാരം വ്യാപാര സ്ഥാപനങ്ങൾ പരിശോധിച്ച് നികുതി വെട്ടിപ്പ് തടയുകയും ആവശ്യമായ കേസ്സുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. റെയിൽവേ സ്റ്റേഷൻ, വിമാന താവളങ്ങൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തുന്ന നികുതി വെട്ടിപ്പ് തടയാൻ പ്രത്യേക പരിശോധന നടത്തുന്നുണ്ട്. വ്യാപാര സ്ഥാപനങ്ങളിൽ അല്ലാതെ മറ്റു സ്ഥലങ്ങളിൽ സ്വർണ്ണ വ്യാപാരം നടത്തുന്നത് കണ്ടുപിടിച്ച് വേണ്ട നടപടികൾ എടുക്കാറുണ്ട്.

അധിക നികുതി നിർദ്ദേശങ്ങൾ

20 [195] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001 മേയ് മാസം മുതൽ നാളിതുവരെ ഏതെല്ലാം അധിക നികുതി നിർദ്ദേശങ്ങളാണ് ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) ഇങ്ങനെ അധിക നികുതി ചുമത്തിയതിലൂടെ ഓരോ സാമ്പത്തിക വർഷവും ഖജനാവിലേക്ക് എത്ര കോടി രൂപ സ്വരൂപിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇത് ഓരോ സാമ്പത്തിക വർഷത്തെയും ആകെ റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ 2001 ഒക്ടോബർ 8-ാം തീയതിയിലെ ജി.ഒ.പി. നമ്പർ 115/01/റ്റി.ഡി. പ്രകാരം ബാർ ലൈസൻസ് ഫീസ് 13 ലക്ഷം രൂപയിൽ നിന്ന് 15 ലക്ഷം രൂപയായും 2004 നവംബർ 22-ാം തീയതിയിലെ ജി.ഒ.പി. നമ്പർ 184/04/റ്റി.ഡി. പ്രകാരം 18 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള ഡിസ്റ്റലറി ആന്റ് വെയർ ഹൗസ് റൂൾ അനുസരിച്ച് 2004-05 സാമ്പത്തിക വർഷത്തിൽ ഫോറം നമ്പർ 1-ന് 10,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായും ഫോറം നമ്പർ 2-ന് 25,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായും ഫോറം നമ്പർ 3-ന് 15,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായും എഫ്.എൽ. 6 ലൈസൻസിന് പ്രതിദിന ഫീസ് 10,000 രൂപയായും വർദ്ധിപ്പിച്ചു. 2003-04-ലെ അബ്കാരി പോളിസി പ്രകാരം ഷാപ്പുകളുടെ ലൈസൻസ് ഫീസ് വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള ഫോറിൻ ലിക്കർ (കോമ്പൗണ്ടിംഗ് ബ്ലെണ്ടിംഗ് ആന്റ് ബോട്ടിലിംഗ്)

LIBRARY ARCHIVES Kerala Legislative Assembly

റൂൾ അനുസരിച്ച് ഫോറം നമ്പർ 1-ന് 25,000 രൂപയിൽ നിന്ന് 1 ലക്ഷം രൂപയായും ഫോറം നമ്പർ 2-ന് 15,000 രൂപയിൽ നിന്നും 50,000 രൂപയായും ഫോറം നമ്പർ 4-ന് 3,000 രൂപയിൽ നിന്ന് 50,000 രൂപയായും വർദ്ധിപ്പിച്ചു. 2003-04 വർഷം എഫ്.എൽ. 11-ന്റെ ലൈസൻസ് ഫീസ് 2 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായും എഫ്.എൽ. 12-ന്റെ ലൈസൻസ് ഫീസ് 1.50 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയായും എഫ്.എൽ. 13-ന്റെ ലൈസൻസ് ഫീസ് 5,000 രൂപയിൽ നിന്നും 50,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. രജിസ്ട്രേഷൻ വകുപ്പിലും റവന്യൂ വകുപ്പിലും പുതിയ നികുതി നിർദ്ദേശങ്ങൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. എസ്.ആർ.ഒ. നമ്പർ 898/2001 (ജി.ഒ.പി. നമ്പർ 25/01 തീയതി 29-9-2001) അനുസരിച്ച് മോട്ടോർ വാഹന വകുപ്പിൽ സ്റ്റേജ് ക്യാരേജുകൾക്ക് നികുതി വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. വാണിജ്യ നികുതി വകുപ്പിനെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) അധിക നികുതി ചുമത്തുന്നതിലൂടെയുണ്ടായിട്ടുള്ള അധിക വരുമാനം പ്രത്യേകമായി തിട്ടപ്പെടുത്തിയിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

വിൽപ്പന നികുതി സ്രോതസ്സുകൾ

21[196] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് വിൽപ്പന നികുതി ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് ലഭിക്കുന്നത്;

(ബി) ഓരോ വിൽപ്പന നികുതി സ്രോതസ്സുകളിൽ നിന്നും 2001-02 മുതൽ 2004-05 വരെയുള്ള വർഷങ്ങളിൽ ലഭിച്ച നികുതി എത്ര വീതമാണെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന് വിൽപ്പന നികുതി ലഭിക്കുന്നത് പ്രധാനമായും എണ്ണക്കമ്പനികൾ, ബീവറേജസ് കോർപ്പറേഷൻ, മറ്റു വാണിജ്യ വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നുമാണ്.

(ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.†

വിൽപ്പന നികുതി കുടിശ്ശികയ്ക്ക് നൽകിയിട്ടുള്ള "സ്റ്റേ"

22[197] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിൽപ്പന നികുതി ഇനത്തിൽ എന്തു തുക നാളിതുവരെ പിരിഞ്ഞു കിട്ടാനുണ്ട്;

---

† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly